# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.84/PR/PIC/PHQ/17 Date : 21.04.2017

---

## കുറ്റാന്വേഷണവും ക്രമസമാധാനവും വേർതിരിക്കുന്നതിന് നടപടി സ്വീകരിക്കും - സംസ്ഥാന പോലീസ് മേധാവി

കേസന്വേഷണം കൂടുതൽ ഫലപ്രദമാക്കുന്നതിന് കുറ്റാന്വേഷണവും ക്രമസമാധാനവും വേർതിരിക്കണമെന്ന ബഹു. ഹൈക്കോടതിയുടെ നിർദ്ദേശം സ്വാഗതാർഹമായ ഒന്നാണെന്നും അതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ പറഞ്ഞു. കേരള പോലീസ് പ്രതിവർഷം 7.5 ലക്ഷത്തിലധികം കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നുണ്ട്. ഇതിൽ 90 ശതമാനത്തിലേറെ കേസുകളിലും കുറ്റപത്രവും നൽകുന്നുണ്ട്. ഇന്ത്യയിൽ ഏറ്റവും മികച്ച ശിക്ഷാനിരക്കും കേരളത്തിലാണ്. ദേശീയതലത്തിൽ കോടതിയിലെത്തുന്ന കേസുകളിൽ ശരാശരി 45 ശതമാനത്തിൽ പ്രതികൾ ശിക്ഷിക്കപ്പെടുമ്പോൾ കേരളത്തിലത് 79% ആണ്. ഇവിടത്തെ അന്വേഷണ മികവിനെയാണ് ഇത് സൂചിപ്പിക്കുന്നത്. എന്നിരുന്നാലും കേസന്വേഷണം കൂടുതൽ കാര്യക്ഷമവും സമയബന്ധിതവും ആക്കേണ്ടതുണ്ട്. ഇതിനുള്ള നടപടികളും പിന്തുണാസംവിധാനങ്ങളും കൂടുതലായി സംസ്ഥാന പോലീസിൽ ഏർപ്പെടുത്തിവരുകയാണ്. ശാസ്ത്രീയ അന്വേഷണത്തിനുള്ള പരിശോധനകൾക്കായി ഒരു സംസ്ഥാനതല ഫോറൻസിക് സയൻസ് ലാബും രണ്ട് റീജിയണൽ കേന്ദ്രങ്ങളുമാണ് ഇപ്പോൾ സംസ്ഥാനത്തുള്ളത്. ശാസ്ത്രീയ കുറ്റാന്വേഷണത്തിന് കൂടുതൽ ലാബറട്ടറി സംവിധാനങ്ങൾ സംസ്ഥാനത്ത് ആരംഭിക്കേണ്ടതായുണ്ട്.

ഇതോടൊപ്പം പോലീസ് സ്റ്റേഷൻ ചുമതല ഓരോ സർക്കിൾ ഇൻസ്പെക്ടർമാർക്ക് നൽകുകയും സർക്കിൾ ഇൻസ്പെക്ടറുടെ കീഴിൽ കുറ്റാന്വേഷണത്തിനും ക്രമസമാധാനപാലനത്തിനും പ്രത്യേക സബ്ബ് ഇൻസ്പെക്ടർമാരെ നിയോഗിക്കുകയും ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങളും സർക്കാരിനു സമർപ്പിച്ചിട്ടുണ്ട്.

ശാസ്ത്രീയ കുറ്റാന്വേഷണത്തിന് ഉദ്യോഗസ്ഥർക്ക് കൂടുതൽ പരിശീലനം നൽകുന്നതിന് കേരള പോലീസ് അക്കാദമിയിൽ പ്രത്യേക പരിശീലനവും ആവിഷ്കരിച്ചിട്ടുണ്ട്. ക്രൈംബ്രാഞ്ചിലെയും ലോക്കൽ പോലീസിലെയും എല്ലാ സബ്ഇൻസ്പെക്ടർമാർക്കും സർക്കിൾ ഇൻസ്പെക്ടർമാർക്കും ഡിവൈ.എസ്.പിമാർക്കും ഈ പരിശീലനം നൽകും. ഇത് പൂർത്തിയാവുന്നതോടെ കുറ്റാന്വേഷണം കൂടുതൽ ശാസ്ത്രീയവും ഫലപ്രദമാക്കുന്നതിനുള്ള വൈദഗ്ധ്യം എല്ലാതലത്തിലുമുള്ള പോലീസ് ഉദ്യോഗസ്ഥർക്കും ലഭ്യമാകുമെന്ന് സംസ്ഥാന പോലീസ് മേധാവി അറിയിച്ചു.

************